ഗവമ്മെണ്ടു കാണിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സമുദായങ്ങളെ ഗവമ്മെണ്ടു പ്രതേകമായ ഗണിച്ചുവരുന്നുണ്ടു്

രാമവമ്മതമ്പുരാൻ.—അപ്രതിനിധീകൃതമാണെന്നു തോന്നുന്ന എല്ലാ സമുദായങ്ങളോടും ടികായ്ത്തിൽ ഗവമ്മെണ്ടു് പ്രതേകത കാണിക്കാറുണ്ടു്. അങ്ങിനെയുള്ള സമുദായങ്ങൾ ഇന്നിന്നവയാണെന്നു കാണിക്കുവാൻ ലിസ്റ്റു വച്ചിട്ടില്ല.

206. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—നമ്പൂതിരി സമുദായം ഗവമ്മെണ്ടുദ്യോഗങ്ങളിൽ പ്രാതിനിധ്യമില്ലാത്ത ഒരു സമുദായമാണെന്നു് ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഗവമ്മെണ്ടുദ്യോഗങ്ങളിൽ നമ്പൂതിരി സമുദായത്തിൽപെട്ടവരും ഉണ്ടു്.

207. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഒരു രാജ്യത്തെ ഗവമ്മെണ്ടുദ്യോഗങ്ങളിൽ ആ രാജ്യത്തുള്ള വിവിധ സമുദായങ്ങൾക്കും വല്ല പ്രതേക സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നതായാൽ അതുകൊണ്ടുള്ള ഗുണദോഷങ്ങൾ എന്തെല്ലാമാണു്?

രാമവമ്മതമ്പുരാൻ.—ആ സമുദായത്തിൽ പെട്ടവർക്കു് അതുകാരണം കുറെ അധികം ഉദ്യോഗങ്ങൾ കിട്ടുവാൻ വഴിയുണ്ടു്; എന്നുള്ളതു തന്നെ.

നിയമനിർമ്മാണ സഭയിലേക്കുള്ള സമ്മതിദാനാവകാശത്തിന്റെ അടിസ്ഥാനം.

208. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഈ രാജ്യത്തിൽ നിയമനിർമ്മാണസഭയിലേക്കുള്ള സമ്മതിദാനാവകാശം നികുതിയെ അടിസ്ഥാനമാക്കുവാൻ കാരണമെന്താണു്?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—നിയമസഭയുള്ള രാജ്യങ്ങളിലെല്ലാം സമ്മതിദാനാവകാശത്തിനുള്ള പ്രധാന യോഗ്യതകളിൽ ഒന്നു് നികുതിയായി കരുതിവരുന്നതിനാൽ.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇവിടെ "നിയമസഭ ഉള്ള രാജ്യങ്ങളിലെല്ലാം സമ്മതിദാനാവകാശത്തിനുള്ള പ്രധാന യോഗ്യതകളിൽ ഒന്നു് നികുതിയായി കരുതിവരുന്നതിനാൽ" എന്നു മറുപടി പറഞ്ഞിരിയ്ക്കുന്നു. എല്ലാ രാജ്യത്തും അങ്ങിനെയാണോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—എന്റെ അറിവിൽപെട്ടിടത്തോളം ഉള്ള കേസുകളിലെല്ലാം അങ്ങിനെതന്നെയാണു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇംഗ്ലണ്ടിലോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഇംഗ്ലണ്ടിനെസംബന്ധിച്ചു് എങ്ങിനെയാണെന്നു നിശ്ചയമില്ല. ഇൻഡ്യാ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തിലെ സംഗതി മാത്രമേ എന്റെ മനസ്സിലുണ്ടായിരുന്നുള്ളു. അതേ ഞാനിവിടെ പറഞ്ഞിട്ടുള്ളൂ.

സക്കാർ ഉദ്യോഗങ്ങളിൽ നമ്പൂതിരിമാക്കുള്ള പ്രാതിനിധ്യം.

209. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ജനസംഖ്യയിൽ കുറഞ്ഞതും ഈ രാജ്യത്തെ ഭൂനികുതിയിൽ വലിയ ഒരു ഭാഗം കൊടുത്തുവരുന്നതും ഗവമ്മെണ്ടുദ്യോഗങ്ങളിൽ തീരെ പ്രാതിനിധീകരിക്കാത്തതുമായ നമ്പൂതിരിസമുദായത്തിനു വല്ല പ്രത്യേകതയും ചെയ്തുകൊടുക്കേണ്ടതാണെന്നു് ഗവമ്മെണ്ടിനഭിപ്രായമുണ്ടോ?

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—എന്തു പ്രത്യേകത ചെയ്തു കിട്ടേണ്ടതാണെന്നു് വിശദമായി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ അപ്പോൾ തൊരവുമായി. ആലോചിക്കുന്നതാണു്.

210. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—നമ്പൂതിരിമാരിൽ ഗവമ്മെണ്ടുദ്യോഗത്തിനു തക്ക പഠിപ്പും പ്രാപ്തിയും ഉള്ളവർ ഉണ്ടെന്നു് ഗവമ്മെണ്ടിനറിയാമോ?

രാമവമ്മതമ്പുരാൻ.—അറിയുന്നതിനായി പ്രത്യേകം ശ്രമിച്ചിട്ടില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഈ സംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ആരും ഇതേവരെ കൊണ്ടുവന്നിട്ടില്ലേ?

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഒരു പെറ്റീഷനോ മറ്റൊ വന്നിട്ടുണ്ടെന്നു തോന്നുന്നു

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—അതിനെപ്പറ്റി ഗവമ്മെണ്ടിൽനിന്നും എന്തുചെയ്തു?

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—കൊടുക്കുവാൻ സാധിച്ചില്ല.

Improvement to Thevar road.

211. Mr. E. Ikkanda Warriar.—Will the Government be pleased to state what action, if any, have they taken to improve the Thevar road?

Mr. V. K. Aravindaksha Menon.—Necessary investigations were made and it was found that the work is not of a pressing nature as the locality is not now wanting in communication.

Mr. E. Ikkanda Warriar.—May I know what are the other roads of communication in that locality?

LIBRARY ARCHIVES Kerala Legislative Assembly